(ബി) എങ്കിൽ എവിടെയെന്നും സെക്രട്ടറിയെ പ്രസിഡന്റ് മർദ്ദിക്കാൻ ഇടയാക്കിയ സാഹചര്യം എന്തെന്നും അന്വേഷിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മർദ്ദിച്ചു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ വാമനപുരം ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ നടന്നതായ സംഭവത്തെക്കുറിച്ച് വകുപ്പ് തല അന്വേഷണം നടന്നുവരുന്നു.

23 (2714) ബി.ഡി.ഒ.മാരുടെ കൺഫർമേഷൻ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ബി.ഡി.ഒ. തസ്തികയിലെ ഒഴിവുകൾ നികത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഗ്രാമവികസന വകുപ്പിൽ കൺഫർമേഷൻ കിട്ടിയില്ല എന്ന കാരണത്താൽ ബി.ഡി.ഒ.മാർ പലരും അവർ മുമ്പ് ജോലി ചെയ്ത വകുപ്പുകളിലേക്ക് മടങ്ങിപ്പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മൂന്നു കൊല്ലത്തിലധികം സേവന ദൈർഘ്യമുള്ള ബി.ഡി.ഒ.മാരുടെ നിയമനം കൺഫേം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നേരിട്ടും ട്രാൻസ്ഫർ മുഖേനയുമുള്ള നിയമനങ്ങൾക്കായി ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊമോഷൻ നൽകുന്നതിലേക്കായി ഡി.പി.സി. കൂടുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ആരും മടങ്ങിപ്പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിലുള്ള ചട്ടപ്രകാരം ഇത് അനുവദനീയമല്ല.

24 (2715) ബി.ഡി.ഒ. മാരുടെ ഒഴിവുകൾ

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ ബ്ളോക്കുകളിൽ പ്രൊമോഷൻവഴി ബി.ഡി.ഒ. മാരുടെ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് വരുന്ന കാലതാമസം എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ബി.ഡി.ഒ. മാരുടെ നിയമനം വൈകുന്നതുമൂലം ജനകീയാസൂത്രണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കൗൺസിൽ ബാധകമാക്കാതെ ബി.ഡി.ഒ. നിയമനം പ്രൊമോഷൻവഴി നടത്തുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly